No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## KEAM-2020

### എം.ബി.ബി.എസ്./ ബി.ഡി.എസ്./ അഗ്രികൾച്ചർ/ കോ–ഓപ്പറേഷൻ & ബാങ്കിംഗ് / വെറ്ററിനറി/ ഫോറസ്ട്രി/ ഫിഷറീസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു.

2020–ലെ എം.ബി.ബി.എസ്./ബി.ഡി.എസ്/അഗ്രികൾച്ചർ/കോ–ഓപ്പറേഷൻ & ബാങ്കിംഗ്/ വെറ്ററിനറി/ഫോറസ്ട്രി/ ഫിഷറീസ് കോഴ്സുകളിലേക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **10.11.2020**–ന് ആരംഭിച്ചു. ഈ ഘട്ടത്തിൽ കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ പുതുതായി ഉൾപ്പെടുത്തിയ കോളേജ് ഓഫ് കോ–ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ കോ–ഓപ്പറേഷൻ & ബാങ്കിംഗ് എന്ന കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാവുന്നതാണ്.

എം.ബി.ബി.എസ്./ബി.ഡി.എസ്./അഗ്രികൾച്ചർ/കോ–ഓപ്പറേഷൻ&ബാങ്കിംഗ്/വെറ്ററിനറി/ഫോറസ്ട്രി/ ഫിഷറീസ് എന്നീ കോഴ്സുകളിലേയ്ക്ക് പരിഗണിക്കപ്പെടാൻ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്. എഞ്ചിനീയറിംഗ് /ആർക്കിടെക്ചർ, ഫാർമസി കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുണ്ടെങ്കിലും മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്നുവെങ്കിൽ മുൻഗണനാക്രമത്തിൽ ഓപ്ഷൻ ക്രമീകരിക്കേണ്ടതാണ്. ഇത്തരത്തിൽ വിദ്യാർത്ഥികൾ മുൻഗണനാക്രമത്തിൽ നൽകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിലായിരിക്കും അലോട്ട്മെന്റ് നടത്തുന്നത്.

എം.ബി.ബി.എസ്./ ബി.ഡി.എസ്./ അഗ്രികൾച്ചർ/ കോ–ഓപ്പറേഷൻ & ബാങ്കിംഗ്/ വെറ്ററിനറി/ ഫോറസ്ട്രി/ ഫിഷറീസ് കോഴ്സുകളിൽ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം 10.11.2020 മുതൽ 15.11.2020 വൈകിട്ട് 05.00 മണി വരെ ലഭ്യമാകുന്നതാണ്. 15.11.2020 വൈകിട്ട് 05.00 മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ 16.11.2020 വൈകുന്നേരം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ ദന്തൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ട സീറ്റുകളിലേക്കും, എൻ.ആർ.ഐ. ക്വാട്ട സീറ്റുകളിലേക്കും പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിലേക്ക് ഓപ്ഷനുകൾ ഇതോടൊപ്പം രജിസ്റ്റർ ചെയ്യേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
**10.11.2020**

**പ്രവേശന പരീക്ഷാ കമ്മീഷണർ**